കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടവല്ലൂർ ഗ്രാമപഞ്ചായത്ത്
2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി ) /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ-20
PIN : 680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തീയ്യതി: 04/12/2018

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടവല്ലൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- കടവല്ലൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3 ാംഭാഗത്തിലെ ലെ ഖണ്ഡിക 1 ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8) /2018 തീയ്യതി :

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.09.2017 മുതൽ 30.11.2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ

എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. -അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ - എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-18 മുതൽ<br>22-12-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | വി.ജിതുളസീദാസ്<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ലിഷ.കെ.വി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി രേഖ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഇദ്രിസ്സ് അബ്ദുള്ള എ സി<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | കാലയളവ് | പേര് |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീ.കെ മനോജ്(സെക്രട്ടറി ) | 01/04/2017 മുതൽ 31/3/2018വരെ |
| | ശ്രീമതി.അനിത രാമൻ | 01/04/2017 മുതൽ |

| | | | |
|---|---|---|---|
| | | | 31/3/2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വിജീഷ് പി വി | 1/4/2017 മുതൽ 31/3/2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിനോജ് ടി ജെ | 1/4/2017 മുതൽ 31/3/2018വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അഭിലാഷ് എൻ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഷാമില വി എം | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മായ | 1.4.2017 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ(കടവല്ലൂർ സർക്കിൾ) | ശ്രീ.ഷിജു ടി ബി | 1/4/17 മുതൽ 29/7/17 വരെ |
| | ശ്രീ.ഷിനോജ്. | 30/07/17മുതൽ 31/3/18വരെ |
| വി.ഇ.ഒ (കരിക്കാട്) | ശ്രീമതി.അംബുജാക്ഷി | 1/4/17 മുതൽ 31/3/18 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.ഗിറ്റി | 1/4/17 മുതൽ 31/3/18 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ദീപ വി എസ് | 1/4/17 മുതൽ 31/3/18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1–3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഡി&ഒ രജിസ്റ്ററുകൾ കാര്യക്ഷമമായി സൂക്ഷിക്കേണ്ടതാണ്. | 2-1 |
| 14 | ഡി&ഒ ലൈസൻസ്-സമയ ക്രമം പാലിക്കുന്നില്ല. | 2-2 |
| 15 | തൊഴിൽ നികുതി ഓഡിറ്റ് എന്ക്വയറിയെ തുടർന്ന് അടവാക്കി | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 17 | ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പു വരുത്തേണ്ടതാണ്. | 2-5 |
| 18 | കെട്ടിടത്തിന് വാടക ഈടാക്കുന്നില്ല. | 2-6 |
| 19 | കെട്ടിട നിർമാണ പെർമിറ്റ് അപാകതകൾ | 2-7 |
| | ഭാഗം – 3 | |
| 20 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം-കൺസൾട്ടൻസി ചാർജ്ജിനത്തിൽ 2,35,223/- രൂപ അധികം നല്കി. | 3-1 |
| 21 | പ്രോജക്റ്റ് നം. 69/18 – ആശ്രയ ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല | 3-2 |
| 22 | 76/18 – വീട് വൈദ്യുതീകരണം - ആവശ്യമായ രേഖകൾ ഇല്ല. | 3-3 |
| 23 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയത് - മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-4 |
| 24 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-5 |
| 25 | പ്രോജക്റ്റ് നം.65/18- കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല, കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല. | 3-6 |
| 26 | 71/18- ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- KSEB യിൽ തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല. | 3-7 |
| 27 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - 14,51,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-8 |
| 28 | ഉപയോഗത്തിലില്ലാത്ത ബൾബുകൾക്ക് കെഎസ്ഇബി യിൽ തുക അടവാക്കുന്നു. | 3-9 |
| 29 | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ - 5 വർഷമായിട്ടും പ്രവത്തി പൂർത്തീകരിച്ചില്ല | 3-10 |
| 30 | പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു. | 3-11 |
| 31 | പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-12 |

| | | |
|---|---|---|
| 32 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി - തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില് | 3-13 |
| 33 | വയോജന ക്ഷേമ പ്രവർത്തനങ്ങൾ. മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-14 |
| 34 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-മുൻ വർഷങ്ങളിൽ നടന്ന വിവാഹങ്ങൾക്കും ഈവർഷത്തെ നിരക്കിൽ ധനസഹായം അനുവദിച്ചു | 3-15 |
| 35 | ശമ്പളപരിഷ്കരണം-ശൂന്യവേതന അവധി ദിനങ്ങളിൽ കുടിശിക അനുവദിച്ചിരിക്കുന്നു | 3-16 |
| 36 | മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-17 |
| 37 | തെരുവു വിളക്കുകളുടേയും പൊതു ടാപ്പുകളുടേയും സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-18 |
| 38 | കാലഹരണപ്പെട്ട യാത്രാബത്ത ക്ലെയിം അനുവദിച്ചു | 3-19 |
| 39 | തനതു ഫണ്ട് വൗച്ചറുകൾ അപാകതകൾ | 3-20 |
| 41 | നായാടി വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല. | 3-21 |
| 42 | ആശ്രയ പദ്ധതി - ലക്ഷ്യം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നു. | 3-22 |
| 43 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - മാർഗ്ഗരേഖക്ക് വിരുദ്ധം | 3-23 |
| 44 | മരാമത്ത് പണികളുടെ മോണിറ്ററിംഗ് ശരിയായി നടക്കുന്നില്ല | 3-24 |
| 45 | പ്രോജക്റ്റ് നം. 215/18- അംഗൻവാടികളുടെ അറ്റകുറ്റപ്പണിയും ചുറ്റുമതിൽ നിർമ്മാണവും - പാതി വഴിയിൽ അവസാനിപ്പിച്ചു. | 3-25 |
| 46 | സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 3-26 |
| 47 | പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല. | 3-27 |
| 48 | തൊഴിലുറപ്പ് പദ്ധതി- ടെണ്ടർ നടപടികളിലെ അപാകതകൾ | 3-28 |
| | ഭാഗം – 4 | |
| 49 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 50 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 52 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 53 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 54 | ഓഡിറ്റ് റിക്കവറി | 4-6 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 56 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22/03/2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10/01/2018 തീയതിയിലെ-1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 16/06/18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20/6/18 -21/6/18 | ടി.എസ്.ആർ ഇ3/1150 /18(32) തീയതി 10.07.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14533535.89 |
| വരവ് | 74418484 |
| ആകെ | 88952019.89 |
| ചെലവ് | 78739851 |
| നീക്കിയിരിപ്പ് | 10212168.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17486000 | 17486000 | 12790242 | 4695758 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10985287 | 10985287 | 7709139 | 3276148 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 8990 | 8990 | 8990 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13729000 | 13729000 | 13713114 | 15886 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3876000 | 3876000 | 2461951 | 1414049 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8212265 | 8212265 | 5886925 | 2325340 |
| കെ.എൽ.എസ്.ജി.ഡി.പി സ്റേറ്റ് (ACR പ്രകാരം) | | 0 | 1089887 | 1089887 | 820198 | 269689 |
| കെ.എൽ.എസ്.ജി.ഡി.പി കേന്ദ്രം (ACR പ്രകാരം) | | 0 | 1870173 | 1870173 | 1648350 | 221823 |
| സാക്ഷരത | | 2288 | 61 | 2349 | 0 | 2349 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 15882900 | 15882900 | 15882900 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21082 | 949800 | 970882 | 968371 | 2511 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 184912 | 588326 | 773238 | 307200 | 466038 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 180000 | 180000 | 180000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 17160 | 17160 | 17160 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 3638500 | 3638500 | 3638500 | 0 |
| വിധവ പെൻഷൻ | | 0 | 18393600 | 18393600 | 18393600 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 28917500 | 28917500 | 28917500 | 0 |
| വികലാംഗ പെൻഷൻ | | 0 | 3930900 | 3930900 | 3930900 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 1282500 | 1282500 | 1282500 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2175000 | 2175000 | 1709858 | 465142 |
| | ജില്ലാ പഞ്ചായത്ത് | 0 | 450000 | 450000 | 238070 | 211930 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് സ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 701938 | 2922270 | 3624208 | 1010854 | 2613354 |
| | കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 1897861.89 | 11024167 | 12922028 | 5482724 | 7439304 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 11868609 | 12052000 | 23920609 | 24202983 | (282374) |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 105532355 | 140 | 55351621 | 53 | 31 | 62.50 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21082 | 949800 | 970882 | 968371 | 2511 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം) | - | 15882900 | 15882900 | 15882900 | - |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 17160 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 3638500 | 1234 |
| വിധവാപെൻഷൻ | 18393600 | 6113 |
| വാർദ്ധക്യകാലപെൻഷൻ | 28917500 | 8762 |
| വികലാംഗപെൻഷൻ | 3930900 | 1309 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1282500 | 446 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | .... |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന- 19/12/2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34153/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്നവ കൂടി ശ്രദ്ധിക്കേണ്ടതാണ്.

1. അഡ്വാൻസ്, ഡെപോസിറ്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

3. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ മിനിട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. പഞ്ചായത്തിൽ മുപ്പതിലധികം സ്വാശ്രയ കുടിവെള്ള പദ്ധതികളുണ്ട്. എന്നാൽ ഇവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

5. തെരുവ് വിളക്കുകളുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

6. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. ഫ്രണ്ട് ഓഫീസിൽ ഇരിപ്പിടങ്ങൾ, ടോക്കൺ സമ്പ്രദായം, ടച്ച് സ്ക്രീൻ തുടങ്ങിയ സൌകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/11/2018 | ഒക്ടോബർ/18 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/04/17 | 2011-12 മുതൽ 2015-16 വരെ | 10/05/17 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ

പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വസ്തു നികുതി-തൻവർഷം, കുടിശ്ശിക എന്നിവയുടെ ഡി.സി.ബി., സാംഖ്യ വാർഷിക കണക്ക് പ്രകാരവും, വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരവും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വസ്തു നികുതി-തൻവർഷം | ഡിമാന്റ് റസിഡൻഷ്യൽ& നോൺ-റസിഡൻഷ്യൽ | കളക്ഷൻ റസിഡൻഷ്യൽ& നോൺ-റസിഡൻഷ്യൽ | ബുക്ക് അഡ്ജസ്റ്റ്മെന്റ് (അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ്) | ബാലൻസ് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ബാലൻസ് = ഡിമാന്റ്-കളക്ഷൻ-ബുക്ക്അഡ്ജസ്റ്റ്മെന്റ് (വരേണ്ട തുക) (ലൈബ്രറി സെസ്സ് ഇല്ലാതെ) |
|---|---|---|---|---|---|
| സഞ്ചയ പ്രകാരം | 4552705 | 3732460 | 177017 | 725517(689841+ 35676) | 643228 |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 4552705 | 3732460 | ജേണൽ വൗച്ചർ ലഭ്യമാക്കിയിട്ടില്ല | 725517 | |

മുൻ വർഷ വാർഷിക കണക്ക് പ്രകാരം അഡ്വാൻസ് വസ്തു നികുതി കളക്ഷൻ ഇല്ല. എന്നാൽ തൻവർഷം അഡ്വാൻസ് വസ്തു നികുതി അഡ്ജസ്റ്റ്മെന്റ് നടത്തിയിരിക്കുന്നു.

| വസ്തു നികുതി-കുടിശ്ശിക | ഡിമാന്റ് റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | കളക്ഷൻ റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ | ബുക്ക് അഡ്ജസ്റ്റ്മെന്റ് (അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ്) | ബാലൻസ് റസിഡൻഷ്യൽ& നോൺ-റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | ബാലൻസ് = ഡിമാന്റ്-കളക്ഷൻ-ബുക്ക്അഡ്ജസ്റ്റ്മെന്റ് (വരേണ്ട തുക) |
|---|---|---|---|---|---|
| സഞ്ചയ പ്രകാരം | 4267251 (4056674+ 210577) | 3078414 | -- | 1148566 (1091439+57127 | 978260+ലൈബ്രറി സെസ്സ് ആണ് വരേണ്ടത് |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 4107527 | 3078414 | - | 1148566 | |

സഞ്ചയ പ്രകാരം 159724/- രൂപ ഡിമാന്റിൽ കൂട്ടിക്കാണിച്ചിട്ടുണ്ട്. മാത്രമല്ല സോഫ്റ്റ് വെയർ തയ്യാറാക്കിയ കണക്കുകളിൽ arithmetical accuracy പോലും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. മേൽ പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വസ്തു നികുതി വർഷാന്ത്യ നീക്കിയിരിപ്പ് തുകകളുടെ ഗണിത ക്രിയയിൽ തന്നെ വ്യത്യാസം വന്നിട്ടുള്ളതിനാൽ ഈ ഇനത്തിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

2) എസ്.ബി.ഐ, കടവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നീ തനത് ഫണ്ട് അക്കൗണ്ടുകളുടെ ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം cheque issued but not collected from the bank എന്ന ഇനത്തിൽ പണമാക്കി മാറ്റാതെ മൂന്ന് മാസത്തിൽ അധികമായ ചെക്കുകൾ ഉള്ളതായി കാണുന്നു. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ശീർഷകം | വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| എസ്.ബി.ഐ | 21700466 | 9/8/17 | 000549 | 9/8/17 | 240 |

| | | | | | |
|---|---|---|---|---|---|
| “ | 21700133 | 16/5/17 | 965786 | 16/5/17 | 8500 |
| കടവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് | 21500795 | 16/1/16 | 32052 | 16/1/16 | 1000 |
| “ | 21700750 | 9/11/17 | 076370 | 9/11/17 | 894 |
| “ | 21500631 | 3/12/17 | 31978 | 30/11/15 | 1000 |
| “ | 21500114 | 23/5/17 | 31737 | 11/5/15 | 1455 |

3) ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 5492/- രൂപ (directly credited by the bank) വരവ് വന്നിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ വരവാക്കി മാറ്റിയിട്ടില്ല.

4) പ്രതിമാസം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

6) ലോൺ തിരിച്ചടവ് (സമ്പൂർണ്ണ ഭവന പദ്ധതി) രജിസ്റ്റർ പ്രകാരവും പാസ്സ് ബുക്ക് പ്രകാരവും തിരിച്ചടക്കാൻ ബാക്കിയുള്ള തുക 1,40,00,000/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ളത് 1,43,00,000/- രൂപയാണ്.

7) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 5100 രൂപ സ്ഥിര നിക്ഷേപം ഉണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

8) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ -4 പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള താഴെപ്പറയുന്ന വിവിധോദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

| അക്കൗണ്ട് ഹെഡ് | നീക്കിയിരിപ്പ് |
|---|---|
| 320100121 | 466038 |
| 320100199 | 44140 |
| 320200310 | 25000 |
| 320200319 | 877000 |
| 320200322 | 25000 |
| 320200399 | 893970 |
| 320300199 | 51 |
| 320700204 | 253212 |
| 320700205 | 164400 |
| 320700304 | 211930 |
| 320800101 | 234722 |

9) തൊഴിൽ ഉറപ്പ് പദ്ധതി അസറ്റ് രജിസ്റ്റർ പ്രകാരം 13 റോഡ് കോൺക്രീറ്റ് വർക്കുകൾക്കായി 2978371/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് capital contribution നിലേക്ക് മാറ്റിയിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻറീച്ചർ അക്കൗണ്ടിൽ ഈ തുക കൂടി ഉൾപ്പെട്ട തുകയാണ് (16851271.00) വരുമാനവും ചെലവുമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

10) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം പരിശോധിക്കത്തക്ക വിധമല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

11) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-3 capital contribution പ്രകാരം തൻ വർഷം സൃഷ്ടിക്കപ്പെട്ട 1,34,80,045/- രൂപയുടെ (47804025-34323980=13480045, മുൻ-തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള വ്യത്യാസം) ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

12) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) capital work in progress പ്രകാരം തൻ വർഷം പാർട്ട് ബില്ലായി നല്കിയ തുകയുടെ (33,09,718/-) വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

13) ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-16 പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുള്ള 33290/- രൂപയുടെ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

14) ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-18 (prior period item) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-18) | 31/3/2018 ലെ നീക്കിയിരിപ്പ് |
|---|---|
| 280100101-Prior period income -Property tax on residential buildings | 114241 |
| 280100104-Prior period income-Property tax on non residential buildings | (138284) |
| 280200402- Prior period income-recovery of unutilised grants | 87300 |
| 280800601-Prior period -revenue grants&contribution | 975 |
| 280800701-Prior period- miscellanous expenses | (14490) |
| 280100102-Prior period income-profession tax-instituion/professional/traders | 6060 |
| 280800101- Prior period-establishment expenses | 9000 |
| 280800501- Prior period-programme expenses | 29000 |

16) ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം receipt & payment account opening balance -closing balance തമ്മിലുള്ള വ്യത്യാസം net cash generated by financing activities grand total (A+B+C)യുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Receipt & payment account opening balance - 14533535.89

Receipt & payment account closing balance - 10212168.89

Difference - (-) 4321367.00

Net cash generated by financing activities - (-) 1812507.00

(grand total (A+B+C))

17. വാർഷിക കണക്കുകളോടൊപ്പം ഹാജരാക്കേണ്ട അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ സംബന്ധിച്ച പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ രജിസ്റ്ററുകൾ കാര്യക്ഷമമായി സൂക്ഷിക്കേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവ് കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ പേര്എന്നിവ രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതും, ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്.

<u>സ്ഥല പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.</u>

ലൈസൻസ് പുതുക്കി നല്കുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസന്സ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വില്പന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്നും ഉറപ്പുവരുത്താന്സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

<u>രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമാക്കേണ്ടതാണ്.</u>

ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങളിൽ ഡി&ഒ, മോട്ടോർ റണ്ണിംങ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 2-2 <u>ഡി&ഒ ലൈസൻസ്-സമയ ക്രമം പാലിക്കുന്നില്ല.</u>

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 ല്ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 80 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 <u>തൊഴിൽ നികുതി ഓഡിറ്റ് എന്ക്വയറിയെ തുടർന്ന് അടവാക്കി</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധ വർഷത്തിൽ ഈടാക്കാൻ ബാക്കിയുണ്ടായിരുന്ന തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഈടാക്കി (ഓഡിറ്റ് എൻക്വയറി-4/15-12-2018)

| സ്ഥാപനം | അടവാക്കിയ തുക | അർദ്ധ വർഷം | രശീതി നംമ്പർ |
|---|---|---|---|
| കനറ ബാങ്ക് പെരുമ്പിലാവ് | 500 | 2 | 118010400013 (19.12.2018) |
| മാർ ഒസ്ത്താത്തിയോസ് ടി.ടി.ഐ പെരുമ്പിലാവ് | 1805 | 2 | 118010111568 (19.12.2018) |

| | | | |
|---|---|---|---|
| സി.ഡി.എസ് ഓഫീസ് | 885 | 2 | 118010111485 (18.12.2018) |

## 2-4 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 'കെ.ആർ ഇൻ' എന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല. ഈ സ്ഥാപനത്തിൽ നിന്നും 2016-17 വർഷത്തിൽ അർദ്ധ വർഷത്തിന് 3120 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിരുന്നു. 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം-7/17.12.2018 ) ക്ക് സെക്രട്ടറി നല്കിയ മറുപടിയിൽ ആയത് ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-5 ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പ വരുത്തേണ്ടതാണ്.

ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ.മുഹമ്മദ് പൂളകുന്നത്ത് (വീട്) എന്നർക്ക് അനുവദിച്ചിട്ടുള്ള ലൈസൻസ് പാർപ്പിടാവശ്യത്തിനുള്ള കെട്ടിട മുറി (6/415-B)യിലായിരുന്നു അനുവദിച്ചിരുന്നത്. കെട്ടിടത്തിൻറ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നതിന് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എങ്കിലും, പഞ്ചായത്ത് അപേക്ഷ മേൽ ആവശ്യമായ നടപ്പടി സ്വീകരിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നല്കിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(10/15.12.2018)ക്ക് മറുപടിയായി ടി മുറിയുടെ ഉപയോഗ ക്രമം ഓഡിറ്റ് എൻക്വയറിക്ക് ശേഷം വാണിജ്യാവശ്യത്തിലേക്ക് മാറ്റിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ഒക്യുപെൻസി ഉറപ്പ വരുത്തേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയപ്പോൾ വസ്തു നികുതിയിൽ ഉണ്ടായ വർദ്ധനവിന് അനുസൃതമായി ഈടാക്കാൻ ബാക്കിയുള്ള തുക, ഈടാക്കിയതിന്റെ വിവരം ഓഡറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 കെട്ടിടത്തിന് വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി , മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും നാളിതു വരെ വാടകയൊന്നും തന്നെ ഈടാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2012-13, 2013-14). വാടക ഈടാക്കാത്തതു സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നെങ്കിലും വാടക ഈടാക്കുന്നതിന് നടപടിയൊന്നും എടുത്തിട്ടില്ല.

റസിഡൻഷ്യൽ ക്വാർട്ടേഴ്സിലെ മുറികൾ ഉപയോഗിക്കാതെ കിടക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. മുറികൾ ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്യാന്റീനിൽ നിന്നും നാമമാത്രമായെങ്കിലും ഒരു വാടക ഈടാക്കുന്നതിന് ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമാണ പെർമിറ്റ് അപാകതകൾ

(എ) കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻ മേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

(ബി) നോട്ട് ഫയലിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകൾ / ക്രമവത്ക്കരണ അപേക്ഷകൾ / പൂർത്തീകരണ അപേക്ഷകൾ എന്നിവയ്ക്കായുള്ള പല അപേക്ഷകളിലും സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ അവരുടെ ശുപാർശയോടൊപ്പം അപേക്ഷയുടെ പരിശോധന സംബന്ധിച്ച പ്രധാനവിവരങ്ങൾ ( ഫ്ലോർ ഏരിയ, കാർപ്പെറ്റ് ഏരിയ, എഫ്.എ.ആർ,

കവറേജ്, കാർപാർക്കിംഗ് , വസ്തു നികുതിക്കായി കണക്കാക്കുന്ന തറ വിസ്തീർണ്ണം മുതലായവ) റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. റിപ്പോർട്ടിനായി മേൽ പറഞ്ഞ വിവരങ്ങൾ ഉൾക്കൊളുന്ന ഒരു മാതൃക ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

(സി) കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം നിശ്ചിത മാതൃകയിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുകയോ ക്രമവത്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല.

## 2-8 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30800/- രൂപ ഇനിയും ലഭ്യമായില്ല.

2017-18 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30800/- രൂപ (ഇതിൽനിന്നും വാറ്റ് കുറച്ച തുക പഞ്ചായത്തിന് അർഹതപ്പെട്ടതാണ്.) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ആയതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം- കൺസൾട്ടൻസി ചാർജ്ജിനത്തിൽ 2,35,223/- രൂപ അധികം നല്കി.

വൌച്ചർ നം.21700941 dt.29-12-17 Rs.1228950/-

പ്രോ.നം. 3/17 (2017-18 ൽ പ്രോജക്റ്റ് വെച്ചിട്ടില്ല എന്നാൽ തനത് ഫണ്ടിൽനിന്നും ചെലവുണ്ട്.)

നിർവ്വഹണ ഏജൻസി - നിർമ്മിതി കേന്ദ്ര, തൃശ്ശൂർ

എം ബുക്ക് നം-119/13-14

എഗ്രിമെന്റ് തീയ്യതി - 9/7/14

പൂർത്തീകരണ തീയ്യതി - 24/3/17

9/7/14 ന് ആരംഭിച്ച മേൽ പ്രവൃത്തി നിർമ്മിതി കേന്ദ്രയുടെ കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം 24/3/17 നാണ് പൂർത്തീകരിച്ചത്. കാലതാമസത്തിന് പിഴയായി ഫൈനൽ ബില്ലിൽനിന്നും 150000/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലും ഫൈനൽ ബില്ലിലും 408/2007/Fin dt.7/9/07 പ്രകാരം 8.05% കൺസൾട്ടൻസി ചാർജ്ജിനത്തിൽ ഉൾപ്പെടുത്തുകയും ആയത് പ്രകാരംതന്നെ പഞ്ചായത്തിൽനിന്നും അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തസ്വഭവ സ്ഥാപനങ്ങൾ സ.ഉ.(എംഎസ്) 133/07/തസ്വഭവ തീ. 18/5/2007 ഉത്തരവു പ്രകാരം ആകെ പ്രവൃത്തി മൂല്യത്തിന്റെ 2.5% കൺസൾട്ടൻസി ചാർജ്ജും അതിന്റെ സർവ്വീസ് ടാക്സുമാണ് നല്കേണ്ടതുള്ളൂ. ആയതിനാൽ നിർമ്മിതി കേന്ദ്രക്ക് താഴെ പറയും പ്രകാരം അധിക തുക അനുവദിച്ചിട്ടുണ്ട്.

അനുവദിച്ചത്

ആകെ പ്രവൃത്തി മൂല്യം - 4583416/-

കൺസൾട്ടൻസി (8.05%) - 368965/-

VAT 4% - 198095/-

KCWWF 1% - 49524/-

ആകെ - 5200000/-

(-) IT (2%) - 99048/-

(-) VAT - 198095/-

(-) KCWWF - 49524/-

4853333/-

മുൻപ് നല്കിയത് - 4160000

ബാക്കി - 693333

കാലതാമസത്തിന് പിഴ - 150000/-

അനുവദിച്ചത്(17-18 ൽ) - 543333/-

അനുവദിക്കേണ്ടിയിരുന്നത്

ആകെ പ്രവൃത്തി മൂല്യം - 4583416/-

കൺസൾട്ടൻസി (2.88%) - 132002/-

VAT +KCWWF (5%) - 235771/-

ആകെ - 4951189/-

(-) നികുതികൾ - 235771/-

(-) IT - 97308/-

കാലതാമസത്തിന് പിഴ - 150000/-

4468110/-

മുൻപ് നല്കിയത് - 4160000/-

ബാക്കി 17-18 ൽ നല്കേണ്ടത് - 308110/-

നല്കിയത് - 543333/-

അധികം നല്കിയത് - 235223/-

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീ.15-12-18) നല്കിയ മറുപടിയിൽ മേൽ തുക നിർമ്മിതി കേന്ദ്രയോട് അടവാക്കാനായി ആവശ്യപ്പെട്ടുകൊണ്ട് 15/12/18 ൽ നിർമ്മിതിക്ക് കത്ത് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് 26/12/18 ന് നിർമ്മിതി കേന്ദ്രയുടെ എക്സി. സെക്രട്ടറി/പ്രോജക്ട് മാനേജർ നല്കിയ മറുപടിയിൽ G.O.(P)No.408/2007/Fin Dt.7/9/07 ഉത്തരവിനെ ആധാരമാക്കിയാണ് കരാർ ചമച്ചിട്ടുള്ളതെന്നും ആയതിനാൽ ഇതിൽ പറയുംപ്രകാരം 8% കൺസൾട്ടൻസി ചാർജ്ജിന് നിർമ്മിതിക്ക് അർഹതയുണ്ടെന്നുമാണ്.

മാത്രമല്ല, അടാട്ട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ ഓഡിറ്റ് പരാമർശത്തെ തുടർന്ന് നിർമ്മിതികേന്ദ്രം എൽ.എസ്.ജി.ഡി. ഓംബുഡ്സ്മാനിൽ പരാതി നല്കിയതിന്റെ അടിസ്ഥാനത്തിൽ 12/11/2013 ൽ വന്ന വിധിയിൽ കരാറിൽ ഏർപ്പെട്ടതിനാൽ തുക അനുവദിക്കുന്നതിന് പഞ്ചായത്തിന് ബാധ്യതയുണ്ടെന്ന് വിധി വന്നിട്ടുള്ളതുമാണ്. ഇക്കാര്യവും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 6/8/15 ൽ നിർമ്മിതി കേന്ദ്രയുമായി കരാറിൽ ഏർപ്പെട്ട മറ്റൊരു പ്രവൃത്തിയിൽ (കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം) കൺസൾട്ടൻസി ചാർജ്ജിനത്തിൽ നിർമ്മിതി കേന്ദ്ര ആവശ്യപ്പെട്ടതും പഞ്ചായത്തിൽനിന്നും അനുവദിച്ചതും 2.5% നിരക്കിൽ മാത്രമാണ്.ആയതിനാൽ തെറ്റായ ഉത്തരവിനെ ആധാരമാക്കി കരാർ ചമച്ച സെക്രട്ടറിയിൽനിന്നും മേൽ തുക ഈടാക്കേണ്ടതാണ്.

## 3-2 പ്രോജക്റ്റ് നം. 69/18 - ആശ്രയ ഭവന നിർമ്മാണം - പൂർത്തീകരിച്ചില്ല

ട്രഷറി ബിൽ നം. 31/11-1-18 Rs.75000/-

മേൽ പദ്ധതിയിൻകീഴിൽ ഗുണഭോക്താവായ കരുവാരത്ത് നബീസ ഹംസ എന്നവർക്ക് 2016-17 ൽ 100000/- രൂപ

നല്കിയിരുന്നു. 2017-18 ൽ 150000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 75000/- രൂപ മാത്രമാണ് അനുവദിച്ചത്. ടി. ഗുണഭോക്താവ് വീട് പണി ഇനിയും പൂർത്തീകരിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് 17-12-18 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ടിയാരി വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ അവസാനഗഡു നല്കിയിട്ടില്ലെന്നുമാണ് അറിയിച്ചത്. അവസാനഗഡു അനുവദിച്ചശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 76/18 – വീട് വൈദ്യുതീകരണം - ആവശ്യമായ രേഖകൾ ഇല്ല.

ട്രഷറി ബിൽ നം.5/15-7-17 Rs.15000/-

" 9/24-7-17 Rs.35000/-

" 20/31-8-17 Rs.35000/-

മേൽ പദ്ധതിക്കായി 2017-18 വർഷത്തിൽ ഒരു ഗുണഭോക്താവിന് 5000/- രൂപ എന്ന നിരക്കിൽ 17 പേർക്ക് 85000/- രൂപ നല്കിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം തുക അനുവദിക്കുന്നതിന് വരുമാനപരിധി ഒരു ലക്ഷം രൂപക്ക് താഴെ ആയിരിക്കേണ്ടതും, കുറഞ്ഞത് മൂന്ന് പോയന്റ് വയറിംഗ് നടത്തിയത് വി.ഇ.ഓ/ ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇവയുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ അർഹതപ്പെട്ടവർക്കുതന്നെയാണോ തുക അനുവദിച്ചത് എന്നത് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് 17/12/18 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ വരുമാനപരിധി സംബന്ധിച്ച സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും, വയറിംഗ് നടത്തിയെന്ന് സെക്രട്ടറിക്ക് നേരിട്ട് ബോധ്യപ്പെട്ടാണ് തുക അനുവദിച്ചതെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഭാവിയിൽ പദ്ധതി നടത്തിപ്പിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയത് - മാനദണ്ഡങ്ങൾ പാലിച്ചില്ല

കരാറുകാരൻ - ബിജുമോൻ എം.ആർ

വൌച്ചർ നം. 21700306 dt.28/6/17 Rs.927000/-

2017 ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയ കുടിവെള്ള വിതരണത്തിനായി 927000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 23/2/17 ലെ സ.ഉ. (സാധാ)787/17/ഡിഎംഡി ഉത്തരവ് പ്രകാരം സ്വകാര്യ സ്രോതസ്സിലെ ജലം കുടിക്കാൻ യോഗ്യമാണെന്ന് ജല അതോറിറ്റിയോ, ഭക്ഷ്യ വകുപ്പോ, ആരോഗ്യ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ വാടകക്ക് എടുക്കുന്ന ടാങ്കറിന്റെ വാടക നല്കുമ്പോൾ GPS ലോഗും ട്രിപ്പ് ഷീറ്റും ഒത്തുനോക്കി കിലോമീറ്റർ GPS ലോഗിൽനിന്നും നിർണ്ണയിച്ച് ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളം വിതരണം നടത്തുന്ന ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും 2011 ലെ Food Safety & Standards Regulation പ്രകാരമുള്ള FBO ലൈസൻസ് ഉണ്ടായിരിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ മാനദണ്ഡങ്ങളൊന്നും പഞ്ചായത്ത് നടത്തിയ കുടിവെള്ള വിതരണത്തിൽ പാലിച്ചതായി കാണുന്നില്ല. 18/4/17 ൽ ശ്രീ ചന്ദ്രൻ എന്നയാളുടെ കുടിവെള്ള സ്രോതസ്സിൽ നടത്തിയ വാട്ടർ അതോറിറ്റിയുടെ പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലും,PH value കുറവും, turbidity, iron content എന്നിവയുടെ അളവ് അനുവദനീയ പരിധിയേക്കാൾ കൂടുതലുമായിരുന്നു. ടാങ്കറിനും, കുടിവെള്ള സ്രോതസ്സിനും FBO ലൈസൻസ് ഉണ്ടായിരുന്നുവോ എന്നും, വാഹനത്തിന്റെ GPS ലോഗ് പരിശോധിച്ചിരുന്നുവോ എന്നും വ്യക്തമല്ല.

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194C പ്രകാരം 1% ആദായനികുതിയായ 9270/- രൂപ കരാറുകാരനിൽനിന്നും ഈടാക്കിയതായി കാണുന്നില്ല. ടിയാന് മേൽ തുക അനുവദിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 3-5 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾക്കായി തുക കൈമാറിയിരുന്നുവെങ്കിലും വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. വിനിയോഗ, പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ | പ്രോജക്റ്റ്നം./പേര് | തുക | ആർക്ക് | ബിൽ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | | നല്കി | |
| 1 | 223/18- ഒതളൂർ ബണ്ട് നിർമ്മാണം | 300000 | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ട്രഷറി ബിൽ നം.38/28-2-18 |
| 2 | 133/18- PHC കുടിവെള്ള പദ്ധതി | 733312 | ഗ്രൌണ്ട് വാട്ടർ ഡിപാ. | " 32/11-1-18 |
| 3 | 231/18- ഭട്ടിമുറി കുടിവെള്ള പദ്ധതി | 123791 | " | " 33/11-1-18 |
| 4 | 77/18- എസ്.എസ്.എ | 839453 | SSA | "8/24-7-17 |
| 5 | 78/18- IKM വിഹിതം | 95483 | IKM | " 14/10-8-17 |
| 6 | 80/18- ABC പ്രോഗ്രാം | 75000 | ജില്ലാ പഞ്ചായത്ത് | " 24/13-10-17 |
| 7 | 130/18- IMA Blood Bank വിഹിതം | 100000 | ജില്ലാ പഞ്ചായത്ത് | "25/13-10-17 |
| 8 | 132/18- Resource centre for differntly abled children | 50000 | ജില്ലാ പഞ്ചായത്ത് | "26/13-10-17 |
| 9 | IAY Panchayat share-155/18 | 20000 | ബ്ലോക്ക് പഞ്ചായത്ത് | " 19/29-8-17 |
| 10 | 160/18- PMAY Panchayat share | 40000 | " | 18/ " |
| 11 | 74/18- കരിക്കാട് ജല അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | 60000/- | KWA, PH Division, Thrssur | " 27/10-4-17 |
| 12 | 226/18- കരിക്കാട് ജല അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ പൂർത്തീകരണം | 65000/- | " | DD No.903938/19-10-17 |
| 13 | 228/18- പാതാക്കര കുടിവെള്ള പദ്ധതി | 40000/- | " | DDNo.4471023/dt.24-7-17 |
| 14 | 75/18-കുറുകുളം കുടിവെള്ള പദ്ധതി | 50000/- | " | ട്രഷറി ബിൽ നം 23/13-10-17 |
| 15 | 227/18- " | 11050/- | " | vr.no. Nil /27-9-17 |
| | ആകെ | | 2603089 | |

## 3-6 പ്രോജക്റ്റ് നം.65/18- കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം - മുഴുവൻ രേഖകളും ഹാജരാക്കിയില്ല, കാലതാമസത്തിന് ഫൈൻ ഈടാക്കിയില്ല.

നിർവ്വഹണ ഏജൻസി - നിർമ്മിതി കേന്ദ്ര

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ്, പ്രവർത്തന കലണ്ടർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ആയതിനാൽ കരാർ പ്രകാരം പൂർത്തീകരണ തീയ്യതി എന്നാണെന്ന് മനസ്സിലാക്കാനാകുന്നില്ല. എഗ്രിമെന്റ് തീയ്യതി 6/8/15 ആണ്.

നിർമ്മിതി കേന്ദ്രയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം പൂർത്തീകരണ തീയ്യതി 24/3/17 ആണ്. ഇതിൽനിന്നും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. കരാറിന്റെ അഭാവത്തിൽ കാലതാമസം കൃത്യമായി കണക്കാക്കുന്നതിനോ ഈടാക്കേണ്ട പിഴ കണ്ടെത്തുന്നതിനോ സാധിക്കുന്നില്ല. ആയതിനാൽ കരാർ എത്രയും വേഗം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നിർമ്മിതി കേന്ദ്രയിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-7 71/18- ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- KSEB യിൽ തുക അടവാക്കിയതിന്റെ വിവരം ലഭ്യമല്ല.

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കരാർ നല്കിയ സ്ഥാപനമായ മെർക്കുറി ഇലക്ട്രിക്കൽ കോർപറേഷൻ, പൂങ്കുന്നം എന്ന സ്ഥാപനം ആദ്യം ലഭ്യമാക്കിയ ഇൻവോയ്സിൽ KSEB കണക്ഷൻ ചാർജ്ജിനത്തിൽ 16000/- രൂപയാണ് കാണിച്ചിരുന്നത്. എന്നാൽ രണ്ടാമത് തന്ന ഇൻവോയ്സിൽ 25000/- രൂപയാണ് കാണിച്ചിരിക്കുന്നത്. ഇതു പ്രകാരമുള്ള തുക അനുവദിച്ചതായും കാണുന്നു.

എന്നാൽ KSEB യിൽ തുക അടവാക്കിയതിന്റെ രശീതി ഇൻവോയ്സിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് മേൽ സ്ഥാപനം ലഭ്യമാക്കാത്തപക്ഷം KSEB അധികൃതരുമായി ബന്ധപ്പെട്ട് മേൽ സ്ഥാപനം ഈ പ്രവൃത്തിക്കുവേണ്ടി എത്ര തുക അടവാക്കി എന്നത് ആരായാവുന്നതാണ്. മേൽ രശീതിയുടെ അഭാവത്തിൽ 25000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - 14,51,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട താഴെ പറയുന്ന പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവ് തുക | എണ്ണം | ബിൽ വിവരം |
|---|---|---|---|---|
| 1 | 67/18- സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക മെയിന്റനൻസ് | 400000 | CFL-465<br>85WCFL-377<br>Single tube-128<br>Double tube-22 | |
| 2 | 72/18- LED ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | 1451400 | 45W LED-458 | ട.ബി.നം.15/11-8-17 |
| 3 | 70/18- തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ | 16-17-831400<br>17-18-196950<br>Total Rs.1028350 | CFL 2x11w-350<br>1x85w- 390 | ട.ബി.നം.30/11-1-18 |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ പറയുന്നു.

1. പഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച കണക്കുകൾ സൂക്ഷിച്ചിട്ടില്ല. നാളിതുവരേയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2.വാങ്ങൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മുൻപ് പ്രൊക്യൂർമെന്റ് കമ്മറ്റി കൂടി തെരുവ് വിളക്കുകളുടെ ആവശ്യകതാ

നിർണ്ണയം നടത്തിയിട്ടില്ല.

3. മേൽ ടേബിളിൽ ക്രമ നം.2 ൽ 242 എണ്ണം വാങ്ങാൻ ആദ്യം തീരുമാനിച്ചിരുന്നത് പിന്നീട് 458 എണ്ണമാക്കി മാറ്റാൻ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനമില്ല. ആയതിനാൽ വാങ്ങിയ സാധനങ്ങൾ മുഴുവൻ സ്ഥാപിച്ചുവോ എന്നതും വ്യക്തമല്ല.

4. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം സാങ്കേതിക വിദഗ്ദർ ആരുംതന്നെ പരിശോധിച്ചിട്ടില്ല.

5. ക്രമ നം. 2 ൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Glows എന്ന സ്ഥാപനം കരാർ വെക്കുകയുണ്ടായില്ല.എന്നാൽ കരാർ വെക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും നാളിതുവരേയും സ്വീകരിച്ചിട്ടില്ല.

6. ക്രമ നം 2 ൽ സാധനങ്ങൾ സപ്ലൈ ചെയ്ത SILK, Palakkad എന്ന സ്ഥാപനത്തിന്റെ VAT Registration പ്രകാരം മേൽ സ്ഥാപനത്തിന് LED ലൈറ്റുകളുടെ വില്പന നടത്താനാവില്ല എന്നുകാണുന്നു. കൂടാതെ ഗുണനിലവാരം പരിശോധിച്ച റിപ്പോർട്ട് പ്രകാരം LED ലൈറ്റുകൾ ബാംഗ്ലൂരിലെ ശ്രീ സുഭദ്ര ഇൻഡസ്ട്രീസിന്റെ LYTON make ആണെന്ന് കാണുന്നു. ലഭ്യമാക്കിയ സാധനങ്ങൾ SILK ന്റെ സ്വന്തം product അല്ലാത്തതിനാൽ SD,EMD എന്നിവ അടവാക്കുന്നതിൽനിന്നും സ്ഥാപനത്തെ ഒഴിവാക്കിയ നടപടി ശരിയല്ല.

7. വൌച്ചർ നം 21700398 dt.14-7-18 പ്രകാരം ഒരു സി.എഫ്.എൽ അഴിച്ചുമാറ്റുന്നതിന് 40/-രൂപ നിരക്കിൽ 500 എണ്ണം അഴിച്ചുമാറ്റുന്നതിന് 20000/- രൂപ ഗോഡ്സൺ ജോൺ എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് നേഷ്ണൽ ഹൈവേയിലും, പി ഡബ്ല്യുഡി റോഡിലുമായി സ്ഥാപിച്ചിരുന്നവയാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇത്രയും സി എഫ് എൽ അഴിച്ചുമാറ്റി LED ബൾബുകൾ സ്ഥാപിക്കുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നത് വ്യക്തമല്ല. അഴിച്ചുമാറ്റിയവ സ്റ്റോക്കിലെടുത്തതായോ ഉപയോഗപ്പെടുത്തിയതായോ കാണുന്നില്ല.

8.ക്രമ നം 1,3 എന്നിവ പ്രകാരം CFL സ്ഥാപിക്കുകയും അതേസമയം ക്രമ നം 2 പ്രകാരം CFL അഴിച്ചുമാറ്റി LED സ്ഥാപിക്കുകയുമാണുണ്ടായത്. ഇക്കാര്യം കൃത്യമായി വിശദമാക്കാൻ പഞ്ചായത്തിനായില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17/8/15 ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

9.12/9/18 ലെ KSEB യുടെ കണക്ക് പ്രകാരം പഞ്ചായത്തിൽ ഒറ്റ LED ലൈറ്റ് പോലുമില്ല. പഞ്ചായത്ത് ഇതിനായി വൈദ്യുതി ചാർജ്ജിനത്തിൽ തുക അടവാക്കുന്നുമില്ല.

മേൽ സാഹചര്യത്തിൽ ക്രമ നം 2 പ്രകാരം ചെയ്ത പ്രവത്തി തികച്ചും അനാവശ്യമായിരുന്നുവെന്ന് വിലയിരുത്തുന്നു. ആയതിനാൽ വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിലും മേൽ അപാകതകളുടേയും അടിസ്ഥാനത്തിലും ഈയിനത്തിൽ വന്ന 14,51,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഉപയോഗത്തിലില്ലാത്ത ബൾബുകൾക്ക് കെഎസ്ഇബി യിൽ തുക അടവാക്കുന്നു.

12/9/18 ലെ കണക്ക് പ്രകാരം(കെഎസ്ഇബി ലഭ്യമാക്കിയത്) പഞ്ചായത്തിൽ നിലവിൽ 43 എണ്ണം ഓർഡിനറി ബൾബുകൾക്ക് വർഷങ്ങളായി പഞ്ചായത്ത് തുക അടവാക്കിവരുന്നുണ്ട്. ഒരു ബൾബിന് മാസം 66/- രൂപ നിരക്കിൽ 43 ബൾബുകൾക്ക് പ്രതിമാസം 2623/- രൂപ വീതം അടവാക്കി വരുന്നു. എന്നാൽ വർഷങ്ങൾക്ക് മുൻപ് തന്നെ ഓർഡിനറി ബൾബുകൾ മാറ്റി CFL സ്ഥാപിക്കുന്ന പ്രവൃത്തി പഞ്ചായത്തിൽ നടപ്പാക്കിയിരുന്നതാണ്. ആയതിനാൽ ഈയിനത്തിൽ അടവാക്കുന്ന തുക പാഴ്ച്ചെലവായി കണക്കാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ആവർത്തന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

## 3-10 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ - 5 വർഷമായിട്ടും പ്രവത്തി പൂർത്തീകരിച്ചില്ല.

2012-13 വർഷത്തിൽ പ്രോജക്റ്റ്നം 128/13 ആയി സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 500000/- രൂപ KSEB യിൽ ഡെപോസിറ്റ് ചെയ്തിരുന്നതാണ്. എന്നാൽ KSEB യുടെ 12/9/18 ലെ കത്ത് പ്രകാരം നിലവിൽ കേവലം 5 മീറ്ററുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ബാക്കി 60 മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നതായാണ് കാണിച്ചിരിക്കുന്നത്. മീറ്റർ സ്ഥാപിച്ച സ്ഥലങ്ങളിൽ വൈദ്യുതി ചാർജ്ജിനത്തിൽ വൻ കുറവ് വന്നിട്ടുള്ളതാണ്. ആയതിനാൽ എത്രയും വേഗം മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ KSEB യോട് ആവശ്യപ്പെടേണ്ടതാണ്.

## 3-11 പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം
മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| വ്യക്തിയുടെ പേര് | വിവാഹ തിയ്യതി | ബിൽ നമ്പർ /തിയ്യതി/ | /തുക |
|---|---|---|---|
| മീനാക്ഷി വി എ തോപ്പിൽ ഹൗസ് കല്ലുംപുറം | 26-3-17 | 3/17-18 -20-7-17 | 75000 |
| ബേബി പി പെരുമ്പായ ഹൗസ് | 29-1-17 | 6/17-18 /31-8-17 | 75000 |
| ഗീത കരിമ്പനയിൽ ഒറ്റപ്പിലാവ് | 2-4-17 | 5/17-18/26-8-17 | 75000 |
| സരസ്വതി കെ കെ കോഴിക്കലാത്ത് ഹൗസ് പെരുംമ്പിലാവ് | 2-4-17 | 5/17-18/26-8-17 | 75000 |
| ആകെ | | | 100000 |

പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ .ഉ എം എസ് നം 80/17/ത സ്വ ഭ വ . തിയ്യതി 3-4-17 പ്രകാരം പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം 75000 രൂപ അനുവദിയ്ക്കാവുന്നതാണ്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിന് പ്രാബല്യ തിയ്യതി സ്പഷ്ടമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരവു തിയ്യതി തന്നെയാണ് പ്രാബല്യ തിയ്യതി.ആയതിനാൽ 3-4-17- മുതൽക്കുള്ള വിവാഹങ്ങൾക്കാണ് മേൽ പറഞ്ഞ പ്രകാരമുള്ള തുക അനുവദിയ്ക്കാവുന്നത്.മേൽ പ്രതിപാദിച്ച ചെലവ് മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാത്തതിനാൽ അധികം നൽകിയ 100000രൂപ നിരാകരിയ്ക്കുന്നു

## 3-12 പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (SC) (SO 59/18)

1)അടങ്കൽ - 1000,000

ചെലവ് – 710099

ട്രഷറി ബിൽ - 6/28.03.18

മേൽ പദ്ധതി പ്രകാരം 150 എണ്ണം സൈക്കിളുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സൈക്കിളുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ പ്ളാറ്റിനം ക്വാളിറ്റി എന്ന സ്ഥാപനത്തിന്റെ സാമ്പിൾ സൈക്കിൾ ഉയരം കൂടുതലായതിനാൽ പരിഗണിയ്ക്കേണ്ടതില്ല എന്നും തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത പവൻ മോട്ടോഴ്സിൽ നിന്നും സൈക്കിൾ വാങ്ങുവാൻ തീരുമാനിയ്ക്കുകയും ചെയ്തു. ടെണ്ടർ സമർപ്പിച്ച പ്ളാറ്റിനം ക്വാളിറ്റി ,പവൻ മോട്ടോഴ്സ്,അയ്യിക്കൽ സൈക്കിൾസ് എന്നിവ ടെണ്ടർ ഫോം വിലയായ 2000+ജി എസ് ടി ,ഇ എം ഡി എന്നിവ അടവാക്കിയതിന്റെ രേഖകൾ ഫയലില്ല. ടെണ്ടർ ലഭിച്ച പവൻ മോട്ടോഴ്സിന് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെയും ,സ്ഥാപനം സെക്യൂരിറ്റ് ഡെപ്പോസിറ്റ് അടവാക്കിയതിന്റ രേഖകളോ ഫയലില്ല.മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 710099 തടസ്സത്തിൽ വയ്ക്കുന്നു.

2 ) ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (SC) ( 115/18)

1)അടങ്കൽ - 315000

ചെലവ് – 284040

ട്രഷറി ബിൽ - /
മേൽ പദ്ധതി പ്രകാരം 60 എണ്ണം സൈക്കിളുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സൈക്കിളുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ പ്ളാറ്റിനം ക്വാളിറ്റി എന്ന സ്ഥാപനത്തിന്റെ സാമ്പിൾ സൈക്കിൾ ഉയരം കൂടുതലായതിനാൽ പരിഗണിയ്ക്കേണ്ടതില്ല എന്നും തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത അയ്യിക്കൽ സൈക്കിൾസ് നിന്നും സൈക്കിൾ വാങ്ങുവാൻ തീരുമാനിയ്ക്കുകയും ചെയ്തു. ടെണ്ടർ സമർപ്പിച്ച പ്ളാറ്റിനം ക്വാളിറ്റി ,,അയ്യിക്കൽ സൈക്കിൾസ് എന്നിവ ടെണ്ടർ ഫോം വിലയായ 1030+ജി എസ് ടി ,ഇ എം ഡി 5150 രൂപ എന്നിവ അടവാക്കിയതിൻെറ രേഖകൾ ഫയലില്ല. ടെണ്ടർ ലഭിച്ച പവൻ മോട്ടോഴ്സ് സെക്യൂരിറ്റ് ഡെപ്പോസിറ്റ് അടവാക്കിയതിന്റ രേഖ ഫയലില്ല.മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക284040 തടസ്സത്തിൽ വയ്ക്കുന്നു

3 )പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി-വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

അടങ്കൽ -2000000

ചെലവ് – 850000

ട്രഷറി ബിൽ - 1/21.02.18 തുക 550000
മേൽ പദ്ധതി പ്രകാരം 18 പേർക്ക് പഠന മുറി നിർമ്മിയ്ക്കുന്നതിനായി 50000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്.ജി ഒ( ആർ ടി )1683 തിയ്യതി 23-5-17 പ്രകാരം 100 സ്ക്വയർ ഫീറ്റിൽ അധികരിയ്ക്കാത്ത പഠനമുറി നിർമ്മിയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.അക്ഷയ് ആനന്ത് ,ഭട്ടിമുറി കരിക്കാട് , ഗോപിക എം ജി ,മനന്തൻ വീട് , പുത്തൻ കുളം, എന്ന വിദ്യാർത്ഥികൾ സമർപ്പിച്ച രേഖകൾ പ്രകാരംയഥാക്രമം 128,110 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ പഠനമുറികൾ നിർമ്മിച്ചതായി കാണുന്നു. മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിയ്ക്കാത്തതിനാൽ ചെലവുതുക 100000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.മന്യ മണികണ്ഠൻ,മുണ്ടൻ ചിറക്കാവിൽ, കൊരട്ടിക്കര എന്ന വിദ്യാർഥിയുടെ പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ ടിയാരിയ്ക്ക നൽകിയ 50000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3 )പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ(143/18)

അടങ്കൽ -690000

ചെലവ് – 685147

ട്രഷറി ബിൽ - 3/21.03.18 തുക 680000
ചെക്ക് നം- തുക 5147
ലാപ് ടോപ്പ് വിതരണം സംബന്ധിച്ച ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു
1)12.5.15-ലെ സ.ഉ.(എം.എസ് )13/15 ഐ.ടി.ഡി. ഉത്തരവ് പ്രകാരം അഞ്ചു ലക്ഷത്തിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള പദ്ധതിയിൽ ടി വ്യവസ്ഥ പാലിച്ചിട്ടില്ല.
2)ടെണ്ടർ ക്ഷണിച്ചതിൽ ഹാൽസിയോൺ ട്രാൻസ്മിഷൻ ടെക്നോളജീസ്,വിശ്വാസ് കംപ്യൂട്ടേഴ്സ് എന്നീ രണ്ടു സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചത്.ബ്ളോക്ക് ടെക്നിക്കൽ അസിസ്ററൻറ്,പഞ്ചായത്ത് ടെക്നിക്കൽ അസിസ്ററൻറ് എന്നിവരുടെ റിപ്പോർട്ട് പ്രകാരം മേൽ രണ്ടു സ്ഥാപനങ്ങളുടെയും ടെണ്ടറുകളും ,ടെണ്ടർ സ്പെസിഫിക്കേഷൻ പാലിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.12-3-18ലെ 1(3)18 തീരുമാന പ്രകാരം വിശ്വാസ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് സപ്ളെ ഓർഡർ നൽകുവാൻ തീരുമാനിച്ചു . ടെണ്ടർ സ്പെസിഫിക്കേഷൻ പാലിക്കാത്ത ഇനം വാങ്ങിയത് ഉചിതമായ നടപടിയല്ല .

## 3-13 സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി - തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് – സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (ജനറൽ)

പ്രോജക്ട് നമ്പർ - 63/17-18

നിർവ്വഹണം - വി.ഇ.ഒ (കരിക്കാട് സർക്കിൾ)

ചെലവ് തുക - 6020000/-

1) മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്,വിലാസം | അക്കൗണ്ട് നമ്പർ/ ബാങ്ക് | കൈപ്പറ്റിയ തുക |
|---|---|---|---|
| | യൂസഫ് S/0അബൂബക്കർ മുള്ളത്ത് വളപ്പിൽ പെരുമ്പിലാവ് | 17842 കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 20000/- |
| | റെജുല W/o സിദ്ധിഖ് പറമ്പത്താഴത്ത് കൊരട്ടിക്കര | 17793 കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 80000/- |
| ആകെ | | | 100000/ |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം വരാനുണ്ടായകാരണം വ്യക്തമാക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിശദാംശം രേഖപ്പെടുത്തേണ്ടതുമാണ്.

2)മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും കരാർ വെച്ചിട്ടില്ല. കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മ നമ്പർ | പേര്,വിലാസം | അക്കൗണ്ട്നമ്പർ/ ബാങ്ക് | കൈപ്പറ്റിയ തുക |
|---|---|---|---|
| | ഖദീജ W/o ഷംസു ആലുങ്ങപറമ്പിൽ(H) കരിക്കാട് | കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 140000- |
| | നിവേദിത W/o സിജോ പുനത്തിൽ ഹൗസ് വട്ടമ്മാവ് | കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 140000- |
| | സരോജിനി W/o വിജയൻ ചൂണ്ടലാത്ത് (H) പൊറവൂർ | കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 180000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുമായി കരാർ വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3)2015-16 വർഷം പഞ്ചായത്ത് ആരംഭിച്ച് തുടർന്ന് പോരുന്ന വായ്പ അധിഷ്ഠിത ഭവന നിർമ്മാണ പദ്ധതിയാണ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി 110 ഗുണഭോക്താക്കൾക്ക് 200000 രൂപ വീതം (20000000 രൂപ കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയും 2000000 രൂപ വികസന ഫണ്ടും )നൽകാൻ ലക്ഷ്യമിടുന്നു.മേൽ പദ്ധതി പ്രകാരം 2017-18 ൽ 6020000 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ചെലവുകളൊന്നും സുലേഖ ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തുന്നില്ല.അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 3-14 വയോജന ക്ഷേമ പ്രവർത്തനങ്ങൾ. മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പദ്ധതി നമ്പർ S0056/18

നിർവഹണ ഉദ്യോഗസ്ഥ. ഐസിഡിഎസ് സൂപ്പർവൈസർ

2016-17 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായ വയോജന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| | ഇനം | എണ്ണം | തുക |
|---|---|---|---|
| | കട്ടിൽ | 100 | 29900 |
| | പുതപ്പ് | 100 | 20000 |
| | ഊന്നുവടി | 100 | 30000 |

2016-2017 പദ്ധതി മാർഗരേഖ പ്രകാരം വൃദ്ധർക്ക് ഊന്നുവടി അനുവദനീയമല്ല. മാർഗരേഖയ്ക്ക് വിരുദ്ധം ആയ ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

v

## 3-15 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-മുൻ വർഷങ്ങളിൽ നടന്ന വിവാഹങ്ങൾക്കും ഈവർഷത്തെ നിരക്കിൽ ധനസഹായം അനുവദിച്ചു

പദ്ധതി നമ്പർ -so 162/18

നിർവഹണ ഉദ്യോഗസ്ഥ -ഐസിഡിഎസ്
സൂപ്പർവൈസർ

ട്രഷറി bill നമ്പർ 6/ 17- 2 -18 -200000

ട്രഷറി ബിൽ നമ്പർ 9/27.2.18-150000

ട്രഷറി ബിൽ നമ്പർ 10/14.3.18-150000

ട്രഷറി ബിൽ നമ്പർ 11/27.3.18-150000

ട്രഷറി ബിൽ നമ്പർ 8/27.2.18-150000

ആകെ.800000 രൂപ

i)പദ്ധതിയുടെ ഭാഗമായി 16 പേർക്ക് 50000 രൂപ വീതം ധനസഹായം അനുവദിച്ചു. മുൻ വർഷങ്ങളിൽ നടന്ന വിവാഹങ്ങൾക്ക് മുപ്പതിനായിരം രൂപ മാത്രമാണ് ധനസഹായം അനുവദിക്കാവുന്നത് എന്നിരിക്കെ ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്നവർക്ക് അൻപതിനായിരം രൂപ വീതം അനുവദിച്ചു.

| ക്രമനമ്പർ | ഗുണഭോക്താവിന് പേര് | വിവാഹ തീയതി / അപേക്ഷ തീയതി | അധികം അനുവദിച്ച തുക |
|---|---|---|---|
| 1 | കദീജ കെ. കെ | 16.7.16/ 29.7.16 | 20000 |
| 2 | പാത്തുമ്മ. പി. കെ | 8.12.16/ 8.1.17 | 20000 |
| 3 | ലക്ഷ്മി രാഘവൻ | 13.11.16/ 25.1.17 | 20000 |
| 4 | ലളിത എംകെ | 21.8.16/ 26.9.16 | 20000 |
| 5 | വനജ . കെ. കെ | 9.9.16/ | 20000 |

| | | | |
|---|---|---|---|
| | | 6.9.16 | |
| ആകെ | | | 100000 |

ii) വിവാഹ ധനസഹായം ലഭിക്കുന്നതിനായി വിവാഹത്തിന് 15 ദിവസം മുൻപു വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫാത്തിമ എംഎം എന്നവർ 22.9.2016ന് കഴിഞ്ഞ വിവാഹത്തിന്16.11. 17 മാത്രമാണ് ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചത്. അതായത് ഇവർ അപേക്ഷ സമർപ്പിച്ചത് വിവാഹത്തിനുശേഷം ഒരു വർഷം കഴിഞ്ഞാണ്. ആയതിനാൽ ഇവർക്ക് ധനസഹായം50000 രൂപഅനുവദിച്ചത് ശരിയല്ല.

മേൽ അപാകതകളോടനുബന്ധിച്ച്നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/19.12.18ന് നിർവഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ കടവല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/ 12/ 17 ലെ തീരുമാനപ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് ധനസഹായത്തിനായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരെ അപേക്ഷ സമർപ്പിച്ച സമയപരിധി പരിഗണിക്കാതെ തന്നെ ധനസഹായം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം ആണ് പദ്ധതി നടപ്പിലാക്കിയത് എന്ന് ഉദ്യോഗസ്ഥ മറുപടിയിൽ പറയുന്നു. പദ്ധതിരേഖകളോടൊപ്പം ഉള്ള തീരുമാനം-1(3)/ 27/ 12/ 17 പ്രകാരം സെക്രട്ടറിയുടെയും നിർവഹണ ഉദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസറുടയും വിയോജനത്തോടെ കമ്മിറ്റി മേൽ വിഷയം അംഗീകരിക്കുകയാണുണ്ടായത് എന്നു കാണുന്നു.

അധികം അനുവദിച്ച 100000 രൂപയുടെയും അനർഹമായി അനുവദിച്ച 50000 രൂപയുടെയും ചെലവ് നിരാകരിക്കുന്നു

## 3-16 ശമ്പളപരിഷ്കരണം-ശൂന്യവേതന അവധി ദിനങ്ങളിൽ കുടിശിക അനുവദിച്ചിരിക്കുന്നു

താഴെപ്പറയുന്ന ജീവനക്കാർക്ക്അവരുടെ ശൂന്യവേതന അവധി ദിനങ്ങളിൽ ശമ്പളപരിഷ്കരണ കുടിശിക അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക | അവധിന ങ്ങൾ | അവധി മാസങ്ങളിലെ ശമ്പള കുടിശ്ശിക | അനുവദിക്കാവുന്ന കുടി ശ്ശിക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | ജയപ്രകാശ് ക്ലർക്ക്, | 1.11.15-31.12.15 | 11/15-2180 | 0 | 2180 |
| | | | 12/15-2180 | 0 | 2180 |
| 2 | കെപിഎം അമൃത സീനിയർ ക്ലർക്ക് | 21.7.15-18.9.15 | 7/15-2932 | 1892 | 1040 |
| | | | 8/15-2932 | 0 | 2932 |
| | | | 9/15-2932 | 1173 | 1759 |
| ആകെ | | | | | 10091 |

അധികം അനുവദിച്ച തുക ഈടാക്കി അനുബന്ധരേഖ കൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ ,പി എച്ച് സി പെരുമ്പിലാവ് നടപ്പാക്കിയ പദ്ധതിയോടനുബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

i)S00136/18-പെരുമ്പിലാവ് പിഎച്ച്സി യിലേക്ക് മരുന്ന് വാങ്ങൽ

ട്രഷറി ബിൽ നമ്പർ 6/14-2-18

പദ്ധതിയുടെ ഭാഗമായി 350000 രൂപ കേരള മെഡി ക്കൽ സർവീസ് കോർപറേഷനു കൈമാറിയിട്ടുണ്ട്. നാളിതുവരെ 282025 രൂപയുടെ മരുന്നുമാത്രമാണ് ലഭിച്ചത് .ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ii) S00142/18-വയോജനങ്ങൾക്ക് ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്ക്

പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ ലഭിക്കുന്ന തിനായി 130000 രൂപ കേരള മെഡിക്കൽ സർവീസ് കോർപറേഷനു കൈമാറിയിട്ടുണ്ട് ആയതിൽ 252 രൂപയുടെ ഉപകരണങ്ങൾ ഇനിയും ലഭിക്കുവാൻ ഉണ്ട്. രോഗി പരിശോധന കാർഡ് അച്ചടിച്ച നൽകിയതിന് 20000 രൂപ നൽകിയിട്ടുണ്ട്. അനു ബന്ധ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി സ്പിൽ ഓവർ ആയതായി എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

iii) S00135/18 പകർച്ചവ്യാധി നിയന്ത്രണം

പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലന പരിപാടി കളും ,ബോധവൽക്കരണ പരിപാടികളും നടത്തിയി ട്ടുണ്ട് . 2017 -18 പദ്ധതി മാർഗരേഖ പ്രകാരം ബോധവത്കരണ ക്യാമ്പുകൾ പദ്ധതിയുടെ അനിവാര്യ ഘടകമാണ് എങ്കിൽ മാത്രമേ നടത്താൻ പാടുള്ളൂ .ഈ പദ്ധതിയിൽ പകർച്ചവ്യാധി നിയന്ത്രണത്തിനു വേണ്ടി പദ്ധതിയുടെ ഭാഗമായുള്ള സ്പ്രേയിങ് ഫോഗിങ് എന്നിവ നടത്താതെ പരിശീലനങ്ങളും ബോധവത്കരണവും ഒരു ക്യാമ്പിൽ മാത്രം മരുന്നുവിതരണവും ആണ് നടത്തിയിട്ടുള്ളത്. ആയത് ശരിയല്ല. ഓരോ പരിപാടികൾക്കും ആവർത്തിച്ചുവരുന്ന ചെലവുകൾക്ക് പ്രത്യേകം തുക ചെലവഴിക്കുകയാണ് ചെയ്തത്. ഇത്തരം ചെലവുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാമായിരുന്നു. പദ്ധതി നിർവഹണത്തോട് അനുബന്ധിച്ച് മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും അധികചെലവുകൾ നിയന്ത്രിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

iv) S0062/18. പരിരക്ഷ സാന്ത്വന പരിചരണം

2016-17 ലെ സ്പിൽ ഓവർപദ്ധതിയാണിത്. പാലിയേറ്റീവ് പരിചരണ മാർഗരേഖ പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ ആ വർഷത്തെ പദ്ധതി പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക ബാക്കിയുണ്ടെങ്കിലും പദ്ധതി അവസാനിപ്പിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ പാടില്ല.

പദ്ധതിയുടെ ഭാഗമായി പാലിയേറ്റീവ് കുടുംബങ്ങൾക്ക് തൊഴിൽ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും ഫാമിലി ട്രെയിനിങ് മാനുവൽ ആയിരം എണ്ണം അച്ചടിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ചെലവ് 35600 രൂപ .സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 36 ട്രെയിനിങ് മാനുവൽ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ തുടർന്ന് പദ്ധതി ഉപേക്ഷിച്ചതായി ഉപേക്ഷിച്ചതായി മെഡിക്കൽ ഓഫീസർ മറുപടിയിൽ പറയുന്നുണ്ട്. പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പിഴവുകളാണിതു ചൂണ്ടിക്കാട്ടുന്നത്.

പദ്ധതിക്കുവേണ്ടി ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും ചെലവഴിക്കാത്ത തുകതിരിച്ചടവ് ആക്കിയതിന്റേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

v)S00138/18-ദേശീയ ആരോഗ്യ പരിപാടികൾക്ക് വാഹന വാടക ലഭ്യമാക്കൽ

പദ്ധതിയുടെ ഭാഗമായി വിവിധ വ്യക്തികൾക്ക് 22250 രൂപ ദേശീയ ആരോഗ്യ പരിപാടികൾക്ക് വാഹന വാടക ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാടകയ്ക്കെടുക്കുന്നതിനോടനുബന്ധിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത്തരം പദ്ധതികളിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് വാടകക്ക് കോട്ട ചെയ്യുന്ന വാഹനം വാടകയ്ക്കെടുക്കുന്നത് ഉചിതമായിരിക്കും

vi)S00139/18 പരിരക്ഷ സാന്ത്വന പരിചരണം

പദ്ധതിയുടെ ഭാഗമായി 242150 രൂപ മരുന്നു ലഭിക്കുന്നതിനായി കെഎംഎസ് സിഎൽനു കൈമാറിയിട്ടുണ്ട് . ആയതിൽ 12292 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ സ്റ്റോക്ക് രജിസ്റ്ററുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല

## 3-18 തെരുവു വിളക്കുകളുടേയും പൊതു ടാപ്പുകളുടേയും സംയുക്തപരിശോധന നടത്തിയിട്ടില്ല.

തെരുവുവിളക്കുകളുടെയും പൊതുടാപ്പുകളുടെയും യഥാക്രമം കെഎസ്ഇബി , വാട്ടർ അതോറിറ്റി എന്നിവയുമായി ചേർന്നുള്ള സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/22.12.18 ) മറുപടി നൽകിയിട്ടുണ്ട്. വൈദ്യുതി വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് പ്രതിമാസം ഒരു വലിയ സംഖ്യ ചെലവഴിക്കുന്നതിനാൽ എത്രയും പെട്ടെന്ന് സംയുക്ത പരിശോധന പൂർത്തിയാക്കി തെരുവുവിളക്കുകളുടെയും ടാപ്പുകളുടെയും പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-19 കാലഹരണപ്പെട്ട യാത്രാബത്ത ക്ലെയിം അനുവദിച്ചു

വൗച്ചർ നമ്പർ 21701247 തീയതി 26.03.18 പ്രകാരം 01.09.15 മുതൽ31.12.16 വരെയുള്ള കാലയളവിലെ യാത്രാബത്ത അനുവദിച്ചിരിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(d) പ്രകാരം യാത്രാ ബത്ത ക്ലെയിം ഡ്യൂ ആയി രണ്ടുവർഷ ത്തിനുള്ളിൽ തുക മാറി നൽകേണ്ടതാണ്. ആയതിനാൽ 9/ 15 മുതൽ 3 /16 വരെയുള്ള യാത്രാബത്ത അനുവദനീയമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 29/22.12.17 ന നൽകിയ മറുപടിയിൽ ജീവനക്കാരുടെ അഭാവവും ജോലിത്തിരക്കും മൂലമാണ് ബിൽ മാറുവാൻ സാധിക്കാത്തത് എന്നു പറയുന്നു. യാത്രാബത്ത യഥാസമയം മാറി നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 3-20 തനതു ഫണ്ട് വൗച്ചറുകൾ അപാകതകൾ

തനതു ഫണ്ട് വൗച്ചറുകളോട് അനുബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് ഇല്ല .സ്റ്റോക്ക് രജിസ്റ്റർ പർച്ചേസ് വിവരങ്ങൾ ചേർത്ത് കൃത്യമായി സൂക്ഷിക്കുന്നില്ല .സ്റ്റോക്ക് രജിസ്റ്ററിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യ പ്പെടുത്തലുകൾ ഇല്ല. 9/ 17 മുൻപുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

2. വൗച്ചർ നമ്പർ21700398/14.07.2018-

എൽ ഇ ഡി ബൾബുകൾ ഇടുന്നതിനു വേണ്ടി 500 സി എഫ് എൽ അഴിച്ചു മാറ്റുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.അനുബന്ധ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. വൗച്ചർ നമ്പർ 21700417/24.07.2017-പ്രകാരം 40000രൂപ വാട്ടർ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റായി തനത് ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചിട്ടുണ്ട്.ആയതിന്റെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മുൻകൂർ രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 40,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

4. 21700728/3.6.17- 6/17 ലേ വൈദ്യുതിബിൽ. താരിഫ് വർദ്ധനയുടെ ഭാഗമായി തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് 6/ 17 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ വൗച്ചറിനോടൊപ്പം തെരുവുവിളക്കുകളുടെ എണ്ണം തരം താരിഫ് എന്നിവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെൻറ് ഇല്ല. തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.21700948/8.1.18 പ്രകാരം പഞ്ചായത്തിലേക്ക് alamara വിതരണംചെയ്ത വകയിൽ 9950 രൂപ മെട്രോ ഏജൻസീസ് കടവല്ലൂർ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. പർച്ചേസ് ഇൻവോയ്സ്, കരാർ എന്നിവ വൗച്ചറിനോടൊപ്പമില്ല. ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയില്ല. 9950 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 നായാടി വിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

നായാടി വിഭാഗം പട്ടിക ജാതിയിൽ ഉൾപ്പെടുന്നുവെങ്കിലും ഇവർ ഗോത്രവർഗ്ഗ സ്വഭാവം കാണിക്കുന്നവരാണ്. സാമൂഹികമായും, സാമ്പത്തികമായും, വിദ്യഭ്യാസപരമായും വളരേയധികം പിന്നാക്കാവസ്ഥ അനുഭവിക്കുന്ന ഇവർ പൊതു സമൂഹത്തിൽ ഇടപെടാൻ മടിക്കുന്നവരും ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരുമാണ്. കോട്ടോൽ നായാടിക്കോളനിയിൽ ഏകദേശം 26 കുടുംബങ്ങൾ താമസിക്കുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കഴിഞ്ഞ 5 വർഷങ്ങളായി യാതൊരു പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല. പട്ടിക ജാതി

വിഭാഗക്കാർക്കായി നിരവധി പദ്ധതികൾ പഞ്ചായത്ത് നടപ്പാക്കാറുണ്ടെങ്കിലും ഇവയിലൊന്നും ഈ വിഭാഗത്തെ ഉൾപ്പെടുത്താറില്ല. ഉദാഹരണമായി പട്ടിക ജാതി വിഭാഗത്തിനായി പഞ്ചായത്തിൽ നടപ്പാക്കിയ സൈക്കിൾ വിതരണം, പഠനമുറി, ഭവന പുനരുദ്ധാരണം, ലാപ്ടോപ്പ് വിതരണം തുടങ്ങിയവയിലൊന്നും തന്നെ ഈ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, സ്റ്റാൻഡിംഗ് കമ്മറ്റികളിലൊന്നും ഇവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല.

21-12-18 ൽ ഇവിടെ നടത്തിയ സൈറ്റ് പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ നേരിൽകണ്ട് ബോധ്യപ്പെടുകയുണ്ടായി.

1. ഈ വിഭാഗത്തിലെ പുരുഷന്മാർ കൂടുതലും മദ്യം, മയക്കമരുന്ന് എന്നിവക്ക് അടിമപ്പെട്ടവരും, അധികം വിദ്യഭ്യാസമില്ലാത്തവരുമാണ്.

2. വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച് നല്കിയ വീടിന്റെ തറഭാഗം മഴക്കാലത്ത് പൂർണ്ണമായും വെള്ളത്തിൽ മുങ്ങും.

3. വർഷങ്ങൾക്ക് മുൻപ് ഇവർക്കായി നിർമ്മിച്ച് നല്കിയ കമ്മ്യൂണിറ്റി ഹാളിൽ വൈദ്യുതി കണക്ഷൻ, വെള്ളത്തിനുള്ള സൌകര്യം എന്നിവയില്ല. ജനാലകളും മറ്റും തകർന്ന സ്ഥിതിയിലാണ്. കമ്മ്യൂണിറ്റി ഹാളിൽ സ്ഥാപിക്കാനായി വർഷങ്ങൾക്ക് മുൻപ് വാങ്ങിയ ടിവി സെറ്റ് ഇപ്പോഴും സ്ഥാപിച്ചിട്ടില്ല.

4. ഈ വിഭാഗത്തിലെ സ്ത്രീകളെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ നല്കാറില്ല. അഥവാ ഇവർ പണിക്കിറങ്ങിയാൽ ഇവരോടൊപ്പം മറ്റ് സ്ത്രീകൾ പണിയെടുക്കാൻ സമ്മതിക്കാറില്ല.

5. വേനൽക്കാലത്ത് കുടിവെള്ളത്തിനും ഇവർ ബുദ്ധിമുട്ടുന്നുണ്ട്.

അങ്ങേയറ്റം ദരിദ്രരും, ഏറ്റവും പിന്നാക്കാവസ്ഥയിലുള്ളവരുമായ ഇവരുടെ ഉന്നമനത്തിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പൊതു സമൂഹത്തിന് ഇവരോടുള്ള "തൊട്ടുകൂടായ്മ" അവസാനിപ്പിക്കുന്നതിന് പഞ്ചായത്തിന്റേയും മറ്റും ആഘോഷ പരിപാടിയിലും മറ്റും ഇവരെ പങ്കെടുപ്പിക്കാവുന്നതും, ഡീ അഡിക്ഷൻ, കൌൺസലിംഗ് പോലുള്ള പരിപാടികളിലൂടെ ഇവരുടെ ഇടയിലുള്ള ദുശ്ശീലങ്ങൾ ഒഴിവാക്കാൻ ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്.

## 3-22 ആശ്രയ പദ്ധതി - ലക്ഷ്യം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നു.

ആശ്രയ പദ്ധതിയുടെ നിർവ്വഹണ പുരോഗതി പരിശോധിച്ചതിൽ ഈ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഗണ്യമായ കാലതാമസം നേരിടുന്നതായി കാണുന്നു. ഒന്നാം ഘട്ടത്തിൽ 14 പേർക്ക് വീട് ആവശ്യമുണ്ടായിരുന്നതിൽ 4 പേർക്ക് മാത്രവും, 39 പേർക്ക് വീട് റിപ്പയർ ആവശ്യമുണ്ടായിരുന്നതിൽ 10 പേർക്കും മാത്രമാണ് നാളിതുവരെയായി സഹായം നല്കിയത്. വീടിന് സ്ഥലം, കക്കൂസ്, കുടിവെള്ളം തുടങ്ങിയ മറ്റ് ആവശ്യങ്ങളൊന്നും പരിഗണിച്ചതായി കാണുന്നില്ല. പദ്ധതി ആസൂത്രണത്തിൽ ഏറ്റവും ഉയർന്ന പരിഗണന അർഹിക്കുന്ന ഇവർക്കായി പദ്ധതികൾ നിർബന്ധമായി ഉൾപ്പെടുത്തേണ്ടതും, നടപ്പിലാക്കേണ്ടതുമാണ്. ജി.ഒ.(എം.എസ്)72/2017/തസ്വഭവ തീ.29-3-17 പ്രകാരം കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വസ്ത്രം എന്നിവ ഇവർക്ക് ലഭ്യമായി എന്നുറപ്പാക്കിയേ മറ്റ് വിഭാഗക്കാർക്കായി നല്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ അക്കൌണ്ടിൽ 31/3/18 ൽ 14 ലക്ഷത്തിലധികം രൂപ ബാലൻസ് ഉണ്ട്. 2012-13 മുതൽ 2017-18 വരെ ആകെ 1007500/- രൂപ മാത്രമാണ് ഇവർക്കായി ചെലവഴിച്ചിട്ടുള്ളത്. ആശ്രയ ലക്ഷ്യപ്രാപ്തി സംബന്ധിച്ച പ്രവർത്തനം വിലയിരുത്തുന്നതിന് ഒരു ഉപസമിതി രൂപീകരിക്കണമെന്നും, ഓരോ രണ്ട് മാസത്തിലും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നല്കേണ്ടതും, ഭരണസമിതി ആയത് ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതും, നടപടി റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് നല്കേണ്ടതുമാണ് എന്ന് 2017-18 ലെ പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നു.മാത്രമല്ല, അഗതി കുടുംബങ്ങളുടെ മേൽനോട്ടം ചുമതലപ്പെടുത്തിയ അയൽക്കൂട്ടം ഒരു ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കണമെന്നും പറയുന്നു. എന്നാൽ പഞ്ചായത്തിൽ ഇത്തരമൊരു രജിസ്റ്ററോ, മോണിറ്ററിംഗോ നടക്കുന്നില്ല. ഇക്കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം - മാർഗ്ഗരേഖക്ക് വിരുദ്ധം

2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 13-8 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് ഏതെല്ലാം പദ്ധതികൾ ഏറ്റെടുക്കാമെന്ന് പറയുന്നു. ഇതുപ്രകാരം റോഡുകളുടെ സംരക്ഷണം, പരിപാലനം എന്നിവ മാത്രമേ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാനാകൂ. കൂടാതെ 10-11-17 ലെ സർക്കുലർ നം.ഡി.എ.1/859/2017/തസ്വഭവ പ്രകാരവും പുതിയ കോൺക്രീറ്റിംഗും, ടാറിംഗും പാടില്ല എന്നും, നിലവിലുള്ള റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും

ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഇവ അനുവദിക്കാവുന്നതാണെന്നും പറയുന്നു. എന്നാൽ പഞ്ചായത്തിൽ 1st &2nd metalling, tarring തുടങ്ങിയ പുതിയ നിർമ്മാണ പ്രവൃത്തികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നിർവ്വഹിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം 11dt.19-12-18) മറുപടിയിൽ ഇക്കാര്യം പഞ്ചായത്ത് ഭരണസമിതിയെ വ്യക്തമായി അറിയിച്ചതാണെന്നും, എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ 18 റോഡുകളും നിലവിൽ മൺറോഡുകളാണെന്നും, ആയതിനാൽ ഇവയിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് നടത്തി സഞ്ചാരയോഗ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും, ആയതിനാൽ ഇവ എത്രയും വേഗം ആരംഭിക്കാൻ കമ്മറ്റി അസി. എഞ്ചിനീയറോട് നിർദ്ദേശിക്കുകയായിരുന്നുവെന്നുമാണ് അറിയിച്ചത്. (പ.ക.തീ നം.3(1) dt.14/12/17). സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത് പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കുന്നതിനുമുൻപ് സർക്കാർ അനുമതി വാങ്ങുന്നതായിരുന്നു ഉചിതം. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-24 മരാമത്ത് പണികളുടെ മോണിറ്ററിംഗ് ശരിയായി നടക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ്. പദ്ധതിരൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനായതിനാൽ കൺവീനറെ ഒഴിവാക്കി മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറായി ഭരണസമിതി തീരുമാനിക്കേണ്ടതാണ്. കൂടാതെ മോണിറ്ററിംഗ് സമിതി കൂടി ഓരോ പ്രവൃത്തിയുടേയും മോണിറ്ററിംഗ് നടത്തി മിനിട്സ് രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള വിഷയവിദഗ്ദരടക്കമുള്ള ഒരു മോണിറ്ററിംഗ് സമിതി പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. പകരം, പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എന്നിവർ മാത്രമാണ് ഫയലിൽ വെച്ചിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടിൽ

ഒപ്പുവെച്ചിട്ടുള്ളത്. മോണിറ്ററിംഗ് ശരിയായ വിധത്തിൽ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-25 പ്രോജക്റ്റ് നം. 215/18- അംഗൻവാടികളുടെ അറ്റകുറ്റപ്പണിയും ചുറ്റമതിൽ നിർമ്മാണവും - പാതി വഴിയിൽ അവസാനിപ്പിച്ചു.

കരാറുകാരൻ - കെ.സുനിൽകുമാർ

അടങ്കൽ - 1223950/-

ചെലവ്- 15-16 – Rs.376050/-

17-18- Rs.312031/- ട. ബി. നം.39/28-2-18

എഗ്രിമെന്റ് തീയ്യതി - 23-2-15

എം ബി. നം.264,210,211/15-16

2014-15 വർഷം ആരംഭിച്ച മേൽ പ്രവൃത്തി 2017-18 വർഷത്തിൽ പൂർത്തിയാക്കിയ അത്രയും വെച്ച് അവസാനിപ്പിച്ച് ഫൈനൽ ബിൽ തയ്യാറാക്കി തുക അനുവദിക്കുകയായിരുന്നു. 9 അംഗൻവാടികളുടെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് എങ്കിലും 6 എണ്ണത്തിന്റെ പണികളാണ് ഭാഗികമായെങ്കിലും പൂർത്തീകരിച്ചത്. പ്രസ്തുത പ്രവൃത്തിയുടെ ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ്ഥലത്തെ സംബന്ധിച്ച തർക്കം, ചുറ്റമതിൽ പണിതാൽ സ്ഥല സൌകര്യം കുറയുമെന്ന കാരണം, സാധനങ്ങളുടെ വില വർദ്ധനവ് എന്നിവയാണ് കാലതാമസത്തിന് കാരണമായി കാണിച്ചിട്ടുള്ളത്. ഇതിൽ നിന്നും വേണ്ടത്ര സൈറ്റ് പരിശോധന നടത്താതേയും, മുന്നൊരുക്കങ്ങളില്ലാതേയുമാണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് എന്നത് വ്യക്തമാണ്. KPWD Manual, 2012 Section 2003 പ്രകാരം തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തിയശേഷമേ ടെണ്ടർ നടപടികൾ തുടങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. കരാർ വെച്ചിട്ടുണ്ടെങ്കിലും അതിൽ പൂർത്തീകരണ തീയ്യതി കാണിച്ചിട്ടില്ല. പ്രവർത്തന കലണ്ടർ, ടെണ്ടർ നോട്ടീസ് എന്നിവയും ഫയലിൽ ഇല്ല. ആയതിനാൽ പൂർത്തീകരണ തീയ്യതി അറിയാനാകുന്നില്ല.

3. സപ്ളിമെന്ററി എഗ്രിമെന്റ് വെച്ചത് 20-2-18 ൽ മാത്രമാണ്. പിഴ കൂടാതെ കാലാവധി നീട്ടി നല്കിയ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരിക്കുന്നത് 27/12/17 ൽ മാത്രമാണ്.(തീ നം.7(1))

KPWD Manual Sesction 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ മാത്രം സമയം നീട്ടി നല്കാവുന്നതാണ്. കൂടാതെ സെക്ഷൻ 2112-1 പ്രകാരം കരാറുകാരൻ ഒറിജിനൽ കാലാവധിക്കകം ദീർഘിപ്പിക്കാൻ അപേക്ഷ നല്കേണ്ടതും, ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കാവുന്നതുമല്ല. ഇവിടെ ഈ നിയമങ്ങൾ ലംഘിക്കപ്പെട്ടു.

മരാമത്ത് പ്രവൃത്തികളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 സ്ഥല പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

21/12/18 ൽ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രധാനമായും പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കാണ് ഊന്നൽ നല്കിയത്. ഇതിൽ പ്രധാനമായും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കസ്തൂർബാ ഗ്രാമ സേവാകേന്ദ്രം

ആസ്തി രജിസ്റ്റർ പ്രകാരം 50 സെന്റ് സ്ഥലമാണുള്ളത്. ഇവിടെ ഗ്രാമ സേവാകേന്ദ്രത്തിന്റെ വിപുലീകരണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ നടന്നുവരുന്നു. ഇതിനായി മുറിച്ച് മാറ്റിയ പ്ലാവ് ഉൾപ്പെടെയുള്ള മര ഉരുപ്പടികൾ ലേലം ചെയ്യാതെ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതായി കാണപ്പെട്ടു. കൂടാതെ, സ്ഥലത്തിന്റെ 2 വശങ്ങളിൽ മാത്രമേ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളൂ.

2. പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം.

ആസ്തി രജിസ്റ്റർ പ്രകാരം 62 സെന്റ് സ്ഥലമാണുള്ളത്. എന്നാൽ നേരിൽകണ്ടപ്പോൾ കേവലം 5 സെന്റിൽ താഴെ മാത്രമാണുള്ളത്. രണ്ട് മുറികളുള്ള ഈ ചെറിയ കെട്ടിടത്തിലെ ഒരു മുറിയിൽ പ്രിന്റിംഗിനുപയോഗിക്കുന്ന മെഷീനുകൾ വർഷങ്ങളായി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

3. വട്ടമ്മാവ് കമ്മ്യൂണിറ്റി ഹാൾ

ആസ്തി രജിസ്റ്റർ പ്രകാരം 25 സെന്റ് സ്ഥലമാണുള്ളത്. എന്നാൽ പരിശോധനയിൽ ഏകദേശം ഒരു ഏക്കറോളം സ്ഥലമുള്ളതായി കാണുന്നു. കമ്മ്യൂണിറ്റി ഹാളിന്റെ ചുമരിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഇത് പഞ്ചായത്തിന് വിട്ടു നല്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. കമ്മ്യൂണിറ്റി ഹാൾ കൃത്യമായി സംരക്ഷിക്കാതെ തുറന്ന് കിടക്കുന്നതായാണ് കണ്ടത്. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

4. ഫാമിലി വെൽഫെയർ സെന്റർ

ആസ്തി രജിസ്റ്റർ പ്രകാരം 15 സെന്റ് സ്ഥലമുണ്ട്. ഓട് മേഞ്ഞ കെട്ടിടം വർഷങ്ങളായി ഉപയോഗിക്കാതെ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ അവസ്ഥയിലാണ്. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

5. ടി.വി.സെന്റർ

ആസ്തി രജിസ്റ്റർ പ്രകാരം 121/2 സെന്റ് സ്ഥലമാണുള്ളത്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ കേവലം 5 സെന്റിൽ താഴെ മാത്രമേയുള്ളൂ. ഇവിടെ നിലവിൽ ഒരു അംഗൻവാടി പ്രവർത്തിക്കുന്നുണ്ട്. കൃത്യമായി അതിര് നിശ്ചയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

മേൽ വിവരിച്ചതിൽ നിന്നും ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്നത് വ്യക്തമാണ്. ആസ്തി രജിസ്റ്റർ വില്ലേജ് രേഖകളുമായി ഒത്തുനോക്കി, അതിരുകൾ കൃത്യമാക്കി സ്ഥിരമായ രീതിയിൽ സംരക്ഷിക്കേണ്ടതും, അതിൽ പഞ്ചായത്തിന്റെ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്. കയ്യേറ്റങ്ങളുണ്ടെങ്കിൽ അവ ഒഴിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-27 പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയില്ല.

താഴെ പറയുന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കിയതായി കാണുന്നില്ല.

1. പഞ്ചായത്ത് കമ്മറ്റിയുടെ 24/2/18 ലെ 5(1) നം. തീരുമാനപ്രകാരം 2017-18 വർഷത്തെ 14 പ്രവൃത്തികൾക്ക് ടെണ്ടർ തുക കുറവായതിനാൽ അടങ്കൽ കുറക്കുന്നതിനും ഇതിൽനിന്നും കണ്ടെത്തുന്ന തുകയായ 647745/- രൂപ മറ്റ് പദ്ധതികൾക്കായി

ഉപയോഗിക്കാനും തീരുമാനിച്ചിരുന്നു. എന്നാൽ 2017-18,18-19 വർഷങ്ങളിൽ ഈ പദ്ധതികളുടെ അടങ്കലിൽ മാറ്റം വരുത്തിയില്ല. ആയതുകൊണ്ടുതന്നെ മറ്റ് പദ്ധതികൾക്കായി ഉപയോഗിക്കാമായിരുന്ന 647745/- രൂപ ഉപയോഗപ്പെടുത്താനായില്ല.

2. മാലിന്യ പരിപാലനത്തിന്റെ ഭാഗമായി വാർഡ് 18ൽ സർവ്വെ നം 683/2 ലെ 8 സെന്റ് റവന്യൂ പുറമ്പോക്ക് സ്ഥലത്ത് മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിന് അനുമതിക്കായി സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനമെടുത്തിരുന്നു.(7/2/18 ലെ തീ.നം 1(7)).

3. 14ാം വാർഡിലെ പൂയംകുളം കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽനിന്നും കൺവീനറുടെ പേരിലേക്ക് മാറ്റാൻ KSEB ക്ക് കത്ത് നല്കാൻ തീരുമാനിച്ചിരുന്നു (25/4/17 ലെ തീ നം.4(1).

മേൽ തീരുമാനങ്ങളൊന്നും നടപ്പാക്കിയതായി കാണുന്നില്ല. ഇവയിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-28 തൊഴിലുറപ്പ് പദ്ധതി- ടെണ്ടർ നടപടികളിലെ അപാകതകൾ

2016-17 വർഷത്തെ പദ്ധതിയിൻകീഴിലെ 50 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനായി ഓരോ പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയും കരാറിൽ ഏർപ്പെടുകയുമുണ്ടായി. എല്ലാം എസ്റ്റിമേറ്റ് നിരക്കിലായിരുന്നു. എന്നാൽ 50 പ്രവൃത്തികൾക്കും വേവ്വേറെ ടെണ്ടർ ക്ഷണിക്കാതെ 50 പ്രവൃത്തികൾക്കും കൂടി ആകെ ആവശ്യമായ സാധനങ്ങൾക്ക് ഒറ്റ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ ഇ-ടെണ്ടർ നടത്താമായിരുന്നു. ഇതുമൂലം കൂടുതൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുമായിരുന്നു. ബൾക്ക് പർച്ചേസിന്റെ ആനുകൂല്യവും ലഭിക്കുമായിരുന്നു. ഭാവിയിൽ ഇത്തരത്തിൽ ടെണ്ടർ നടത്തുന്നതിനുള്ള സാഹചര്യം പരിശോധിക്കേണ്ടതാണ്.

കരാറുകാരനിൽനിന്നും സ്വീകരിക്കുന്ന ഇ.എം.ഡി., സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ - ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30800/- രൂപ ഇനിയും ലഭ്യമായില്ല.

2017-18 വർഷത്തിൽ ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ ടെണ്ടർ ഫോം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 30800/- രൂപ (ഇതിൽനിന്നും വാറ്റ് കുറച്ച തുക പഞ്ചായത്തിന് അർഹതപ്പെട്ടതാണ്.) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ആയതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

20 -18

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്റ്റിൻെറ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചാത്ത് | 2017-18 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | പെയിൻ & പാലിയേറ്റീവ് | 35600 | 164600 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 75000 | സമഗ്ര പച്ചക്കറി വികസനം | 70550 | 4450. |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 150000 | പെയിൻ & പാലിയേറ്റീവ് | 0 | 150000. |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 200000 | അങ്കണവാടി പോഷകാഹാരം | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 500000 | പി എച്ച് സി ഫീഡിങ്ങ് റൂം | 288070 | 211930 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 1000000 | സമഗ്ര നെൽകൃഷി വികസനം | 1000000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് | പി എച്ച്സി കുടിവെള്ള പദ്ധതി | ബിൽ നമ്പർ/32-11-1-18 | 733312 | 0 | 733312 |
| കേരള വാട്ടർ അതോറിറ്റി | കരിക്കാട്ജല അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നമ്പർ/27 /-10-4-17 | 60000 | 0 | 60000 |
| കേരള വാട്ടർ അതോറിറ്റി | കരിക്കാട് കുടിവെള്ള പദ്ധതി | ഡി ഡി നമ്പർ/903938 /19-10-17 | 65000 | 0 | 65000 |
| കേരള വാട്ടർ അതോറിറ്റി | ഭട്ടിമുറി കുടിവെള്ള പദ്ധതി | ബിൽ നമ്പർ/33 /-11-1-18 | 123791 | 0 | 123791 |
| കേരള വാട്ടർ അതോറിറ്റി | പതാക്കര കുടിവെള്ള പദ്ധതി | ഡി ഡി നമ്പർ/471023 /24-7-17 | 40000 | 0 | 40000 |
| കേരള വാട്ടർ അതോറിറ്റി | കുറുകളം കുടിവെള്ള പദ്ധതി | ബിൽ നമ്പർ/23 /-13-10-17 | 50000 | 0 | 50000 |
| കേരള വാട്ടർ അതോറിറ്റി | കുറുകളം കുടിവെള്ള പദ്ധതി | ഡി ഡി നമ്പർ//27-9-17 | 11050 | 0 | 11050 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ് വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | സ.ഉ നമ്പർ 175/ജിബി1 /15/ത.സ്വ.ഭ.വ തീയതി. 19/08/2015 | 20000000 | 9980000 | 2000000 | 500000 | 14000000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5100 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

<u>നിക്ഷേപത്തിന്റെ വിവരം</u> <u>തുക</u>

1) തൃശ്ശൂർ കോ-ഓപറേറ്റീവ് സ്പിന്നിംഗ് മിൽ വാഴാനി (ഷെയർ)

ആകെ 5100

---------

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2014-15 | 2-1 | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | തുടർനടപടി സ്വീകരിച്ച് വരുന്നു |
| 2015-16 | 2015-16 | 2-6 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് | തുടർനടപടി സ്വീകരിച്ച് വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88952019.89 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78739851 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 504594 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5273578 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 235233 | ശ്രീ.പ്രേമരാജൻ (സെക്രട്ടറി) |
| 3-4 | | 9270 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |
| 3-10 | | 100000 | ശ്രീമതി.അനിത രാമൻ (അസി.സെക്രട്ടറി) |
| 3-15 | | 150000 | ശ്രീമതി.ഗീറ്റി(ഐ സി ഡി എസ് സൂപ്പർവൈസർ) |
| 3-16 | | 10091 | ശ്രീ.കെ മനോജ്(സെക്രട്ടറി) |
| ആകെ | | 504594 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2603089 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |
| 3-7 | 25000 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |
| 3-8 | 1451400 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |
| 3-12-1 | 710099 | ദീ പ ഹെഡ്മിസ്ട്രസ് |
| 3-12-2 | 284040 | ദീ പ ഹെഡ്മിസ്ട്രസ് |
| 3-12-3 | 150,000 | ദീ പ ഹെഡ്മിസ്ട്രസ് |
| 3-20-3 | 40,000 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |
| 3-20-5 | 9950 | ശ്രീ. .കെ മനോജ് (സെക്രട്ടറി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രേമരാജൻ | സീനിയർ സൂപ്രണ്ട്,( പി എ യു ) അസി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം | തലപ്പിള്ളി വീട് ആർത്താറ്റ്( po) കുന്നംകുളം |
| ശ്രീ. .കെ മനോജ് | സെക്രട്ടറി, മങ്കട ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്, MLA റോഡ്,പുതിയ കാവ് തൃപ്പൂണിതുറ |
| ശ്രീമതി.അനിത രാമൻ (അസി.സെക്രട്ടറി) | സെക്രട്ടറി, മങ്കട ഗ്രാമപഞ്ചായത്ത് | ചെറുവത്തൂർ പുഷ്പകം,കക്കാട്,കുന്നംകുളം |
| ശ്രീമതി.ഗിറ്റി(ഐ സി ഡി എസ് സൂപ്പർവൈസർ) | ഐ സി ഡി എസ് സൂപ്പർവൈസർ കടങ്ങോട് പഞ്ചായത്ത് | പനക്കൽ ഹൗസ്.ചുങ്കം വേലൂർ ബസാർ,തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| | ഓഡിറ്റ് അദാലത്ത് നമ്പർ എൽ.എഫ് ടി. (എസ്.2)- 894 /27 .7 .11 /01.10.11 |
| 76-77 | എൽ എഫ് ഇ3-2829/78/ 13.03.79 |
| 84--85 | എൽ എഫ് ടി. 10-1790/ 96/ 07.12.96 |
| 88-89,89-90 | എൽ എഫ് ടി 10-642/94/ 20.03.96 |
| 90-91 | എൽ എഫ് ടി10-1658/ 94/ 05.06.94 |
| 91-92 | എൽ എഫ് ടി10-963/93/ 06.06.94 |
| 92-93,93-94 | എൽ എഫ് ടി10-233/95/ 11.12.95 |
| 94-95,95-96 | എൽ എഫ് ടി10- 245/ 2000/ 05.08 2000 |
| 96-97(ചെലവ്) | എൽ എഫ് ടി5-5/98/ 02.01.99 |
| 97-98(ചെലവ്) | എൽ എഫ് ടി10/1445/98/ 13.01.99 |
| 98-99(ചെലവ്) | എൽ എഫ് ടി 10-762/01/ 27.08.01 |
| 99-00(ചെലവ്) | എൽ എഫ് ടി 10-923/03/ 03.09.03 |
| 2000-01,2001-02 (ജനകീയാസൂത്രണം) | എൽ എഫ് ടി10-6543/03/ 05.05.04 |
| 96-97( ചെലവ്) | എൽ എഫ് ടി.10-169/08/01.01.09 |
| 97-98( ചെലവ്) | എൽ എഫ് ടി10-170/08/01.01.09 |

| | |
|---|---|
| 98-99 (ചെലവ്) | എൽ എഫ് ടി10-171/08/01.01.09 |
| 2000-01 | എൽ എഫ് ടി10- 173/08/01.01.09 |
| 2001-2002 | എൽ എഫ് ടി 10- 174/08/04.05.09 |
| 2002-03 | എൽ എഫ് ടി10-1050/08/31.08.09 |
| 2003-04 | എൽ എഫ് ടി10-1051/08/31.08.09 |
| 2004-05 | എൽ എഫ് ടി10-245/09/14.06.10 |
| 2005-06 | എൽ എഫ് ടി10-1372/09/06.08.10 |
| 2006-07 | എൽ എഫ് ടി10-1373/11.08.10/13.10.11 |
| 2007-08 | എൽ എഫ് ടി (പി. 2)164/ 12/05.06.12 |
| 2008-09 | എൽ എഫ് ടി(പി. 2) 165/12/05.06.12 |
| 2009-10 | എൽ എഫ് ടി (പി 2)166/ 12/05.06.12/ 05.07.12 |
| 2010-11 | എൽ എഫ് ടി (പി .2) 2237/12/14.2.13/ 09.05.13 |
| 2011-12 | എൽ എഫ് ടി(പി. 6)1975/13/17.08.14/ 09.07.14 |
| 2012-13 | എൽ എഫ് ടി (പി.9) 1450/ 14/12.01.15/ 6.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി9)941/15 20.10.2015/ 04.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)923/16/ 16.6.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)1855/16/ 8.11.16/5.12.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1524/17/ 29.11.17/30.12.17 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 1-12-ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക

വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.